(ബി) ഇവിടെ എത്ര കുട്ടികളാണ് അന്തേവാസികളായുള്ളത്; ഇതിൽ എത്രപേർ വിദ്യാർത്ഥിനികളാണ്;

(സി) വിദ്യാർത്ഥിനികളല്ലാത്തവർക്ക് തൊഴിൽ പരിശീലനം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ പരിശീലനത്തിനാവശ്യമായ എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) എംബ്രോയിഡറി മെഷീൻ കേടായിക്കിടക്കുന്നത് ഉപയോഗപ്രദമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) ഇവിടുത്തെ ജല ദൗർലഭ്യം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

(എഫ്) വിദ്യാർത്ഥിനികളുടെ ഉപരിപഠനത്തിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ജി) ആഫ്ടർ കെയർ ഹോമിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ കോമ്പൗണ്ട്വാൾ നിർമ്മിക്കണമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെല്ലാം;

(എച്ച്) ആഫ്ടർ കെയർ ഹോമിന്റെ പോരായ്മകളും പരിമിതികളും പഠന വിധേയമാക്കി ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കാമോ ?

ഉത്തരം

(എ) മുതൽ (എച്ച്) വരെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

ശ്രീചിത്രാ പുവർഹോമിന്റെ പദ്ധതികൾക്ക് അംഗീകാരം നൽകാൻ നടപടി

40 [2077] ശ്രീ. കെ. മോഹൻ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം ശ്രീചിത്രാ പുവർഹോമിന്റെ അധീനതയിൽ പട്ടം വില്ലേജിലെ കുമാരപുരം ജംഗ്ഷനിൽ എത്ര ഭൂമിയുണ്ട്;

(ബി) പ്രശസ്തമായ ഈ അനാഥാലയത്തിന്റെ ഉടമസ്ഥാവകാശത്തിലും അധീനതയിലുമുള്ള ഭൂമി ഇതര സംഘടനകൾക്കായി കൈമാറാൻ ഗവൺമെന്റ് ഉത്തരവിറക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ ഏതു വ്യവസ്ഥ പ്രകാരമാണെന്നും എത്ര കാലയളവിലേക്കാണെന്നും അറിയിക്കുമോ ;

(ഡി) ശ്രീചിത്രാഹോം വക പ്രസ്തുത ഭൂമിയിൽ ശ്രീചിത്രാ പുവർഹോം അന്തേവാസികളുടെ ക്ഷേമത്തിനായി അനാഥമന്ദിരം, വൃദ്ധരുടെ സദനം, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നിവ ആരംഭിക്കാനായി തീരുമാനം എടുത്തിരുന്നോ ; എങ്കിൽ എന്നാണെന്നറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത തീരുമാനങ്ങൾക്ക് സാമൂഹ്യക്ഷേമ വകുപ്പ് അംഗീകാരം വൈകുന്നത് എന്തുകൊണ്ടാണ്;

(എഫ്) ശ്രീചിത്രാ പുവർഹോമിന്റെ വികസന പരിശ്രമങ്ങൾക്ക് കഴിയും വേഗം അംഗീകാരം നൽകുവാനും അന്തേവാസികളുടെ ക്ഷേമം ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 98 സെന്റ് ഭൂമി.

(ബി) ഉണ്ട്.

(സി) 23-12-1958-ലെ സർക്കാർ ഉത്തരവ് നമ്പർ 1564/ഹോം പ്രകാരം 10 വർഷത്തേക്ക് 'ഗിൽഡ് ഓഫ് സർവീസ്' എന്ന സംഘടനയ്ക്ക് 'വിമൻസ് ഹോം' നടത്തുവാൻ അനുമതി നൽകി. 20-9-1969-ലെ സർക്കാർ ഉത്തരവ് നമ്പർ 851/69/ഹോം പ്രകാരം 23-12-1968 മുതൽ 5 വർഷത്തേക്കും, 20-4-1974-ലെ സർക്കാർ ഉത്തരവ് നമ്പർ 658/74/ഹോം പ്രകാരം 23-12-1973 മുതൽ 3 വർഷത്തേയ്ക്കും കൂടി കാലാവധി ദീർഘിപ്പിച്ചു.

(ഡി) 30-7-1999-ലെ ശ്രീചിത്രാഹോം മാനേജിംഗ് കമ്മിറ്റിയുടെ 2 (ബി) തീരുമാന പ്രകാരം വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പണിയുന്നതിന് തീരുമാനിച്ചു.

(ഇ) കൈവശാവകാശ സർട്ടിഫിക്കറ്റ് വില്ലേജ് ആഫീസിൽനിന്നും ലഭിക്കാത്തതിനാലാണ് സാമൂഹ്യക്ഷേമവകുപ്പ് അംഗീകാരം വൈകുന്നത്.

(എഫ്) നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

സാമൂഹ്യക്ഷേമ വകുപ്പിലെ വർക്കിംഗ് അറേഞ്ച്മെന്റ് നിയമനങ്ങൾ റദ്ദാക്കാൻ നടപടി

41 [2078] ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിലും തിരുവനന്തപുരം ജില്ലയിലെ മറ്റ് ഓഫീസുകളിലുമായി എത്ര ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുണ്ട്;

(ബി) എങ്കിൽ ഈ നിയമനങ്ങൾ റദ്ദാക്കുവാൻ ഉടൻ നടപടി സ്വീകരിക്കുമോ;

(സി) അനധികൃതമായി ഈ നിയമനങ്ങൾ നടത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ നിയമ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 18 ജീവനക്കാർ.

(ബി) സാമൂഹ്യക്ഷേമ വകുപ്പിൽ പുതിയതായി നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്ക് ആനുപാതികമായി ജീവനക്കാരുടെ എണ്ണം ഡയറക്ടറേറ്റിൽ വർദ്ധിപ്പിച്ചിട്ടില്ലാത്തതിനാൽ ഈ ക്ഷേമ പദ്ധതികൾ സംബന്ധിച്ച ജോലി കൃത്യമായും കാര്യക്ഷമമായും നിർവ്വഹിക്കുന്നതിന് വേണ്ടിയാണ് കഴിവും ജോലിയിൽ പരിചയവുമുള്ള ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുള്ളത്. നിർദ്ദിഷ്ട പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇതു റദ്ദാക്കൽ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly